# Bassein Kerala Samajam (Regd.)

**Regn. No. E-407 (Thane)**

Tereza Mansion, Manickpur, Vasai Road (W) - 401 202. Tel.: 0250-2382068


# ബസീൻ കേരള സമാജം - ഒരു അവലോകനം

ഒരായിരം സ്വപ്നങ്ങളുണ്ട് ഓരോ സംഘടനയുടെയും പിറവിക്ക് പിന്നിൽ. അവ യാഥാർത്ഥ്യമാകുമ്പോഴാണ് സംഘടനയുടെ വിജയം. ബസീൻ കേരള സമാജം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ സുവർണ്ണ നേട്ടത്തിന്റെ കഥകൾ ഒരുപാടുണ്ട് പറയാൻ.

മുംബൈയിലെ ആദ്യകാല കുടിയേറ്റക്കാരായെത്തിയ മലയാളികൾ നാടിന്റെ നന്മകൾക്കൊപ്പം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൂട്ടായ്മയുടെ സന്തോഷം തിരിച്ചുപിടിക്കാൻ നടത്തിയ ശ്രമത്തിന്റെ ഭാഗമായാണ് ബി.കെ.എസ്സ്.ന്റെ പിറവി.

1960 ജനുവരി 26, റിപ്പബ്ളിക്ക് ദിനത്തിൽ ബസീൻ കേരള സമാജം രൂപം കൊള്ളുമ്പോൾ മുംബൈ മേയർ ശ്രീ. മാധവൻ ഉൽഘാടനകർമ്മം നിർവ്വഹിച്ചു. ശ്രീമാൻ ഐ. മാത്യു (പ്രസിഡന്റ്), ജി. ജോസഫ് (ജനറൽ സെക്രട്ടറി), സി.വി. പണിക്കർ (ട്രഷറർ) എന്നിവരായിരുന്നു സ്ഥാപകഭാരവാഹികൾ.

ബസീൻ കേരള സമാജം വസായ് വെസ്റ്റിലുള്ള മാണിക്പൂർ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുമ്പോൾ ദഹിസർ മുതൽ വീരാർ വരെയുള്ള പ്രദേശങ്ങൾ സമാജത്തിന്റെ പ്രവർത്തന മേഖലയിലായിരുന്നു. തദ്ദേശവാസികൾ വളരെയധികം ബുദ്ധിമുട്ടനുഭവിച്ചിരുന്ന കുടിവെള്ള ക്ഷാമം, പാൽ വിതരണം, മണ്ണെണ്ണ വിതരണം മുതലായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞതിൽ സമാജവും ഗ്രാമവാസികളും സംതൃപ്തരാണ്.

സമാജത്തിന്റെതായ ഒരു ലൈബ്രറിയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന പന്ത്രണ്ടു വർഷം. 1972ൽ ബി.കെ.എസ്. ഇംഗ്ലീഷ് പ്രൈമറി സ്കൂൾ ശ്രീമതി താരാഭായി വർത്തക്ക് ( State Minister for Government of Maharashtra), ഉൽഘാടനം ചെയ്തു. ശ്രീമതി രാജമ്മ നായർ സ്കൂളിന്റ പ്രിൻസിപ്പളായി തുടക്കം കുറിച്ചു. വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറി ബി.കെ.എസ്. ഇംഗ്ലീഷ് ഹൈസ്കൂളായി മാറുമ്പോൾ ശിലാസ്ഥാപന കർമ്മവും, ഉൽഘാടനവും ശ്രീബാവുസാഹേബ് വർത്തക്കും (Revenue Minister for Government of Maharashtra), നിർവഹിച്ചു. ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് ബി.കെ.എസ്. ഇംഗ്ലീഷ് ഹൈസ്കൂളിൽ നിന്ന് ജൂനിയർ കോളേജിലേക്ക് ഉയർന്നപ്പോൾ ഉൽഘാടന കർമ്മം ശ്രീരാജീവ്ജി പാട്ടീൽ (Mayor, Vasai Virar Maha Nagar Palika) ആണ് നിർവ്വഹിച്ചു.

കേവലം മുപ്പതു വിദ്യാർത്ഥികളും വിരലിലെണ്ണാവുന്ന അദ്ധ്യാപകരുമായി ആരംഭിച്ച ബി.കെ.എസ്. ഇംഗ്ലീഷ് ഹൈസ്കൂൾ ഇപ്പോൾ ജില്ലയിലെത്തന്നെ തലയെടുപ്പുള്ള വിദ്യാഭ്യാസ സ്ഥാപനമായി വളർന്നിരിക്കുന്നു. തുടർച്ചയായി എസ്.എസ്.സി.ക്ക് നൂറുശതമാനം വിജയം നേടിക്കൊണ്ടിരിക്കുന്ന ബി.കെ.എസ്. സ്കൂളിന്റയും ജൂനിയർ കോളേജിന്റയും പ്രിൻസിപ്പാൾ ശ്രീമതി രമണി വിജയനാണ്.

മഹാരാഷ്ട്ര എഡ്യൂക്കേഷൻ മിനിസ്റ്റർ ശ്രീവർദേ, എം.എൽ.എ മാരായ ശ്രീഗോൺസാൽവിസ്, ശ്രീപണ്ഡരീനാഥ് ചൗധരി, ശ്രീവർട്ടി, ശ്രീഹിതേന്ദ്ര ഠാക്കൂർ എന്നിവർ സമാജത്തിന്റെയും, സ്കൂളിന്റെയും വാർഷികാഘോഷങ്ങളിലും സമാജം നടത്തിവരുന്ന സ്പോർട്ട്സ് മീറ്റിലും മുഖ്യാതിഥികളായി വന്ന് സമാജത്തിന്റെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

മാണിക്പൂർ പഞ്ചായത്ത്, നവഗർ മാണിക്പൂർ മുൻസിപ്പൽ കൗൺസിലും അതാതു സമയത്ത് വേണ്ട അനുവാദങ്ങൾ (ബിൽഡിംഗ് കൺസ്ട്രക്ക്ഷൻ, വാട്ടർ കണക്ഷൻ) മഹാരാഷ്ട്ര ഗവണ്മെന്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ടമെന്റിൽ നിന്ന് പ്രൈമറി, ഹൈസ്കൂൾ, ജൂനിയർ കോളേജ് എന്നിവക്കു വേണ്ട അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ബസീൻ കേരള സമാജത്തിന്റെ കീഴിൽ വസായ് വെസ്റ്റ് മാണിക്പൂരിൽ ആയുർവേദ ഡിസ്പൻസറിയിൽ സൗജന്യമായി വൈദ്യപരിശോധന നടത്തി വരുന്നുണ്ട്.

ബസീൻ കേരള സമാജത്തിന്റെ ആഭിമുഖ്യത്തിൽ നൃത്ത സംഗീത ക്ലാസ്സുകൾ, കരാട്ടേ പരിശീലനം, മലയാളം ക്ലാസ്സ് എന്നിവ നടത്തി വരുന്നുണ്ട്.

സമാജത്തിന്റെ തുടക്കം മുതൽ ആരംഭിച്ച വോളിബോൾ ടൂർണ്ണമെന്റ് ഇപ്പോഴും തുടരുന്നു.

ചികിത്സാസഹായത്തിനു വേണ്ടി അപേക്ഷിക്കുന്ന രോഗികൾക്കു വേണ്ട ധനസഹായം ചെയ്യുന്നു. അർഹതയുള്ള നിർദ്ധതരായ കുട്ടികൾക്ക് ബി.കെ.എസ്. സ്കൂളിൽ സൗജന്യ വിദ്യഭ്യാസം നല്കിവരുന്നു.

വസായിലെ സാഹിത്യപ്രതിഭകളുടെ സൃഷ്ടികളും, പ്രാദേശിക വാർത്തകളും ഉൾപ്പെടുത്തി ഒരു ത്രൈമാസികയും സമാജം പുറത്തിറക്കാറുണ്ട്.

മുംബൈ സഗരപ്രാന്തത്തിൽ മലയാളികളുടെ ഏറ്റവും വലിയ കൂട്ടയ്മയാണിന്ന് ബസീൻ കേരള സമാജം. മറുനാട്ടിലെ ചെറിയ ജീവിതത്തിലെ വലിയ തിരക്കുകൾക്കിടെ കണ്ടെത്തുന്ന വിലപ്പെട്ട സമയത്തിന്റെയും അദ്ധ്വാനത്തിന്റെയും ബാക്കിപത്രമാണ് ഈ സംഘടനയുടെ വളർച്ച. സാധാരണക്കാരായ ഒരുകൂട്ടം ആളുകളുടെ സ്വപ്നങ്ങളും മോഹങ്ങളുമാണ് അൻപതാം പിറന്നാൾ വേളയിൽ ബസീൻ കേരള സമാജത്തിന്റെ മുറ്റത്ത് പൂത്തുലഞ്ഞു നിൽക്കുന്നത്.

സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും ഈ വേള കൂടുതൽ ഉയരങ്ങളിലേക്കുള്ള യാത്രക്കുള്ള ഓർമ്മപ്പെടുത്തൽ കൂടെയാണ്.

ശുദ്ധജലം ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ മുതൽ വിദ്യാഭ്യാസം, കല, സാംസ്കാരികം, കായികം, മലയാള പഠനം എന്നിങ്ങിനെ ഏതാണ്ട് എല്ലാ മേഖലകളിലും ആത്മാർത്ഥമായി ഇടപെടുകൾ നടത്തുന്ന സംഘടനക്ക് പുതിയ വഴിത്താരകൾ താണ്ടാൻ ഊർജ്ജമാകട്ടെ ഈ വേള.....

**ബസീൻ കേരള സമാജത്തിനു വേണ്ടി**
**പ്രവർത്തക സമിതി**